**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1519 — 03.10.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

**സപ്ലൈകോ സ്ഥാപനങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | ശ്രീ. ജി.ആർ. അനിൽ (ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് മന്ത്രി) | |
| (എ) | ജനവാസമേറിയ നിരവധി മേഖലകളിൽ കൺസ്യൂമർഫെഡിന്റെ ഷോപ്പുകൾ നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജനസാന്ദ്രതയേറിയ പ്രദേശം എന്ന പരിഗണന മാത്രം പരിശോധിച്ചല്ല കൺസ്യൂമർഫെഡ് യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്. വിൽപന സംബന്ധിച്ച സാധ്യതകൾ, കുറഞ്ഞ നിരക്കിൽ സൗകര്യപ്രദമായ കെട്ടിടത്തിന്റെ ലഭ്യത, യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അനുകൂലമായ സാഹചര്യങ്ങൾ എന്നിവ കൂടി പരിഗണിച്ചാണ് യൂണിറ്റുകൾ ആരംഭിക്കുന്നത് |
| (ബി) | താനൂർ നിയോജകമണ്ഡലത്തിലെ തീരദേശമേഖലകളിൽ കൂടുതൽ സപ്ലൈകോ സ്ഥാപനങ്ങൾ തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | താനൂർ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനാണ് സപ്ലൈകോ നിലവിൽ മുൻഗണന നൽകുന്നത്. എന്നിരുന്നാലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക്, സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായും, വാണിജ്യമായും ഗുണകരമാണെന്ന് കണ്ടാൽ, ആവശ്യമായ ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് താനൂർ നിയോജകമണ്ഡലത്തിലെ തീരദേശ മേഖലകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**